# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം
നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2906 20.06.2013 -ൽ മറുപടിക്ക്

## മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും ആരംഭിക്കാനിരിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) ദേശീയപാതാ വിഭാഗം<br>തൃക്കുന്നപ്പുഴ-മാവേലിക്കര റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുന്നു. ടി പ്രവൃത്തിയിൽ നങ്ങ്യാർകുളങ്ങര മുതൽ തട്ടാരമ്പലം വരെയുള്ള ഭാഗത്തെ റോഡിന്റെ വീതി 7 മീറ്ററായി വർദ്ധിപ്പിക്കുന്ന പ്രവൃത്തിയും പുരോഗമിക്കുന്നു.<br>കെ.എസ്.ടി.പി.<br>ഈ പദ്ധതിയിൽപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽകൂടി കടന്നുപോകുന്ന മാവേലിക്കര-തിരുവല്ല റോഡിന്റെ ഉപരിതലം പുതുക്കൽ പണികൾ 5 വർഷത്തെ ദീർഘകാല പരിപാലന വ്യവസ്ഥയോടെ പൂർത്തിയാക്കിയിട്ടുണ്ട്.<br>നിരത്തുകളും പാലങ്ങളും<br>1. പടനിലം-കുടശ്ശനാട് റോഡ് കി.മീ.0/000 മുതൽ 5/200 വരെ പുനരുദ്ധാരണം പണി പൂർത്തിയാകാറായി.<br>2. മാവേലിക്കര-കണ്ടിയൂർ ബൈപ്പാസ് നിർമ്മാണം<br>3.മാവേലിക്കര-കൃഷ്ണപുരം റോഡ് കി.മീ.8/600 മുതൽ 12/084 വരെ ബി.എം, ബി.സി. ജോലികൾ പൂർത്തിയായി.<br>4.കൊച്ചാലുമ്മൂട്-പന്തളം റോഡ് കി.മീ.0/000 മുതൽ 12/084 വരെ ബി.എം, ബി.സി. ജോലികൾ, പുരോഗമിക്കുന്നു.<br>കെട്ടിട വിഭാഗം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) മാവേലിക്കര-കണ്ടിയൂർ ബൈപ്പാസ് നിർമ്മാണത്തിനാവശ്യമായ സ്ഥലം പൂർണ്ണമായി ഏറ്റെടുത്തിട്ടുണ്ടോ ; ബൈപ്പാസ് നിർമ്മാണം അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | (ബി) മാവേലിക്കര-കണ്ടിയൂർ ബൈപ്പാസ് നിർമ്മാണം പുതുക്കിയ ഭരണാനുമതി സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) വെട്ടിയാർ പോസ്റ്റ് ആഫീസ് ജംഗ്ഷൻ റോഡ് നവീകരിക്കുന്നതിനുള്ള അടിയന്തിരനടപടി സ്വീകരിക്കുമോ ? | (സി) പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലല്ല വരുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കെട്ടിട വിഭാഗം

(എ) പൊതുമരാമത്ത് കെട്ടിടവിഭാഗം മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ താഴെ പറയുന്നു.

1. കുറത്തികാട് CHC കെട്ടിടം:

G.O.(Rt)No.[illegible]/13/H&FWD dtd.20.03.2013 പ്രകാരം ആസ്തി വികസനപദ്ധതിയിൽ ഉൾപ്പെടുത്തി 150 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. വർക്ക് ടെണ്ടർ ചെയ്ത് കരാർ ഒപ്പു വെച്ചു. പണി ഉടൻ തന്നെ ആരംഭിക്കുന്നതാണ്.

2. Leprosy Sanatorium നൂറനാട് പുതിയ കെട്ടിടം

G.O.(Rt)No.1767/11/H&FWD dated 06.05.11 പ്രകാരം 392 ലക്ഷം രൂപ ഭരണാനുമതി ലഭിച്ചു. അന്തേവാസികളുടെ എതിർപ്പ് മൂലം പണി തടസ്സപ്പെട്ടിരിക്കുന്നു. പണി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

പൊതുമരാമത്ത് കെട്ടിടവിഭാഗം മാവേലിക്കര മണ്ഡലത്തിൽ ആരംഭിക്കാനിരിക്കുന്ന പദ്ധതികൾ താഴെ പറയുന്നു.

1. ചുനക്കര പഞ്ചായത്ത് ഓഫീസ് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടനിർമ്മാണം:
ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

2. പടനിലം പഞ്ചായത്ത് ഓഫീസ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം:
ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

S.O